# ആമുഖം

ഡിസെബിലിറ്റി: ചിന്തയും വ്യവഹാരവും (Disability: Thought and Discourse) എന്ന വിഷയത്തിലാണ് മലയാളപ്പച്ചയുടെ രണ്ടാം വാല്യത്തിലെ രണ്ടാം ലക്കം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഡിസെബിലിറ്റി പഠനങ്ങൾ മലയാളത്തിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ജ്ഞാനാന്വേഷണ മേഖലയാണ്. ഡിസെബിലിറ്റി പഠനങ്ങളുടെ സൈദ്ധാന്തിക കാഴ്ചപ്പാടുകളിൽ ഊന്നിയുള്ള സാഹിത്യ-സാംസ്കാരിക പഠനങ്ങളാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡിസെബിലിറ്റിയെ കേവലം ശാരീരിക പ്രതിഭാസമായി ചുരുക്കിക്കാണാതെ സമൂഹത്തിന്റെ ഘടനാപരമായ പ്രശ്നമായി  മനസ്സിലാക്കുക എന്ന ദൗത്യമാണ് ഈ ലക്കം നിറവേറ്റുന്നത്. 'ശേഷിക്കുറവി'ല്ലാത്ത പൂർണ്ണ ശരീരങ്ങളെ മാത്രം അംഗീകരിക്കുകയും അതിൽനിന്ന് വ്യത്യസ്തരായവരെയെല്ലാം പുറത്തുനിർത്തുകയും ചെയ്യുന്ന ശേഷീവാദ (ableism) ത്തിന്റെ കാഴ്ചപ്പാടുകളാണ് ഏബിൾഡ്/ഡിസേബിൾഡ് എന്ന ദ്വന്ദ്വം സൃഷ്ടിക്കുന്നത്.

ശേഷീവാദചിന്തയുടെ അധീശ സാംസ്കാരിക രാഷ്ട്രീയത്തെ വിമർശന വിധേയമാക്കുന്ന ഇരുപത്തിരണ്ട് ലേഖനങ്ങളാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡോ.അലക്സ് എൽ. എഴുതിയ 'ഭിന്നശേഷി: സാമൂഹിക-സാംസ്കാരിക മാനങ്ങളും വിവരസാങ്കേതിക കാലത്തെ വ്യവഹാരങ്ങളും', വിവിധ ഭിന്നശേഷികളുടെ സാംസ്കാരിക സ്വത്വങ്ങൾക്കനുസരിച്ച് ഡിജിറ്റൽ സാങ്കേതികവിദ്യ നവീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്ന ലേഖനമാണ്. ഫെൽബിൻ ആന്റണിയുടെ 'ഡിസെബിലിറ്റി നരേറ്റീവുകളും വൈരുദ്ധ്യങ്ങളും: ഷേപ്പ് ഓഫ് വാട്ടർ എന്ന സിനിമയെ മുൻനിർത്തിയുള്ള പഠനം' എന്ന ലേഖനം ഡിസെബിലിറ്റി നരേറ്റീവ് എന്ന നിലയിൽ ശ്രദ്ധ നേടിയ 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയെ മുൻനിർത്തി, ഡിസെബിലിറ്റി നരേറ്റീവുകളിലെ സാധ്യതകളെയും വൈരുദ്ധ്യങ്ങളെയും അപഗ്രഥിക്കുന്നു.

'ശേഷീവാദം പുറത്തുനിർത്തുന്ന അനേകം ഇതരരും ഭരണകൂടം ഡിസൈൻ ചെയ്യുന്ന പെർഫെക്റ്റ് പുരുഷനും' എന്ന എസ്. ജയശ്രീയുടെ ലേഖനം ആദർശശരീരം എന്ന സങ്കല്പത്തെ മുൻനിർത്തിയാണ് എല്ലാക്കാലത്തും ദേശീയ സ്വത്വനിർമ്മിതി നടന്നിട്ടുള്ളത് എന്ന് വാദിക്കുന്നു. 'അംഗപരിമിതിയുടെ

പ്രതീകവൽക്കരണം വേദേതിഹാസമാനകങ്ങളിൽ' എന്ന ഡോ.കെ . എസ്. ലതയുടെ ലേഖനം ഭാരതീയ വൈദിക ഇതിഹാസ സാഹിത്യങ്ങളിൽ കേന്ദ്ര സ്ഥാനത്തു നിൽക്കുന്ന ഭിന്നശേഷിയുള്ള കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുള്ള പഠനമാണ്. ഡോ.എം.ബി. മനോജിന്റെ 'രോഗം തുറന്നിടുന്ന മനോചലന ങ്ങൾ' എന്ന ലേഖനം രാസിത്ത് അശോകന്റെ 'നന്ദി ഗില്ലൻ ബാരി സിൻ ഡ്രോം' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള മനോചലന വിശകലന മാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾ കഥാപാത്രങ്ങളായി വരുന്ന നോവല ടക്കമുള്ള ആഖ്യാനങ്ങളിലെ ചില പൊതുപ്രവണതകളെ വിമർശനാത്മകമാ യി വിശകലനം ചെയ്തുകൊണ്ട്, പൂർണ്ണ മനുഷ്യസങ്കല്പത്തിന് പുറത്തുള്ള കർതൃ ത്വങ്ങളായി നിർമ്മിക്കപ്പെടുന്നതിലൂടെ ഭിന്നശേഷികർതൃത്വങ്ങൾ അപരവൽ ക്കരിക്കപ്പെടുന്നതിന്റെ രാഷ്ട്രീയം വിശകലനം ചെയ്യുന്ന ലേഖനമാണ് ആതിര എ. കെ. യുടെ 'ഭിന്നശേഷി കർതൃത്വങ്ങളും നിർവാഹകത്വവും'.

ഫ്രഞ്ച് തത്വചിന്തകരായ ഡല്യൂസിന്റെയും ഗോത്താരിയുടെയും പഠനങ്ങ ളിൽ പ്രത്യക്ഷപ്പെട്ട അവയവങ്ങളില്ലാത്ത ശരീരം (Body without organ)എന്ന ആശയത്തെ മുൻനിർത്തി വാൻഗോഘിന്റെ വൈയക്തികതയിലും കലാസൃ ഷ്ടികളിലും ഈ ആശയത്തിനുള്ള സാധ്യതകളെ വിലയിരുത്തുന്ന പ്രബന്ധ മാണ് 'ചിന്തകളുടെ അസാധ്യതകളും വാൻഗോഘ് ചിത്രങ്ങളുടെ സാധ്യതക ളും—ഒരു ഡല്യൂസിയൻ വീക്ഷണം' എന്ന ജൂബിൻ മറ്റപ്പള്ളിലിന്റെ ലേഖനം. ഭിന്നശേഷി: ശേഷീവാദ കാഴ്ചപ്പാടും പൊതു ബോധനിർമ്മിതിയും എന്ന വി. രഞ്ജിത്തിന്റെ ലേഖനം വിനയന്റെ തെരഞ്ഞെടുത്ത സിനിമകളെ മുൻനിർത്തി ഭിന്നശേഷിയോടുള്ള ശേഷീവാദസമൂഹത്തിന്റെ കാഴ്ചപ്പാടും ഭിന്നശേഷി സമൂ ഹത്തെക്കുറിച്ച് ജനപ്രിയ സിനിമ ഉത്പാദിപ്പിക്കുന്ന പൊതുബോധവും വി ശകലന വിധേയമാക്കുന്നു. ഡോ.നിഷ അക്കരത്തൊടിയുടെ 'അന്ധതയുടെ ആവിഷ്കാരം ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളിൽ' എന്ന ലേഖനത്തിൽ, ഭര തവാക്യം, സബർമതി ദൂരെയാണ് എന്നീ നാടകങ്ങളിലെ ഡിസെബിൾഡായ കഥാപാത്രങ്ങളുടെ പ്രതിനിധാനത്തെ പഠനവിധേയമാക്കുന്നു. 'സിനിമാഗാ നങ്ങളുടെ ആശ്രിതഭാഷ്യം: അന്ധതയെ മുൻനിർത്തിയുള്ള പഠനം' എന്ന ടി. എൻ. രശ്മിയുടെ ലേഖനം, ഒരു ഭാവാവിഷ്കാരം എന്ന നിലയിൽ സിനിമാഗാ നങ്ങൾ അന്ധതയെ ഏതു രീതിയിൽ പരിചരിക്കുന്നുവെന്ന് വിശകലനാത്മ കമായി പരിശോധിക്കുന്നു.

ഡോ. എസ്.കെ. ബീനാകൃഷ്ണന്റെ 'ദൃശ്യപരിമിതി—ലിപിവ്യവസ്ഥയും സമൂ ഹനിർമ്മിതിയും' എന്ന ലേഖനത്തിൽ, ബ്രെയിൽ ലിപിയുടെ വികാസചരിത്ര വും അത് സമൂഹനിർമ്മിതിയെ എപ്രകാരം സ്വാധീനിച്ചുവെന്നുമുള്ള അന്വേഷ ണവുമാണ് നടത്തുന്നത്. 'ഭിന്നശേഷി: സങ്കല്പനങ്ങളും സമീപനങ്ങളും' എന്ന ഡോ. സ്റ്റാലിൻദാസ് പടിഞ്ഞാറെപുരയ്ക്കൽ എഴുതിയ ലേഖനം, ഭിന്നശേഷിയെ ഒരു സാമൂഹിക നിർമിതി എന്ന നിലയിൽ ചരിത്രപരമായി സമീപിക്കുകയും

ഭിന്നശേഷിപഠനമേഖലകളിൽ ഉപയോഗിക്കപ്പെടുന്ന പ്രധാന സമീപനങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഡോ. എം. ഗംഗാദേവിയുടെ 'ആർ.പി.ഡബ്ല്യൂ.ഡി. ആക്ടും സാമൂഹിക സാംസ്കാരിക വിനിമയങ്ങളും' എന്ന ലേഖനം 2016-ൽ പ്രാബല്യത്തിൽ വന്ന ആർ.പി.ഡബ്ല്യൂ.ഡി. ആക്ടിന്റെ സാമൂഹിക സാംസ്കാരിക പ്രാധാന്യം വിശകലനം ചെയ്യുന്നു.

കൊളോണിയൽ ഇന്ത്യയിലെ അന്ധതയെക്കുറിച്ചുള്ള മെഡിക്കൽ വിവരണങ്ങൾ പലപ്പോഴും വംശീയ പക്ഷപാതങ്ങളെ ശക്തിപ്പെടുത്തുകയും ഡിസെബിൾഡായ ആളുകളുടെ പാർശ്വവൽക്കരണത്തിന് കാരണമാവുകയും ചെയ്യുന്നുവെന്ന് ഡോ.എൻ വി ബേബി റിസ് വാനയുടെ 'The racial profiling of blindness: A case of colonial India' എന്ന ലേഖനം വാദിക്കുന്നു. മുസ്ലിം സ്ത്രീകൾ അടിച്ചമർത്തപ്പെട്ടവരായും മുസ്ലിം പുരുഷന്മാരാൽ സംരക്ഷിക്കപ്പെടേണ്ടവരായും ചിത്രീകരിക്കുന്ന ആധിപത്യ വ്യവഹാരങ്ങളോടുള്ള സംവാദാത്മകമായ ചർച്ചയാണ്  ഡോ. ഫൈസൽ പി., ഷെറിൻ കെ. റഹ്മാൻ എന്നിവരുടെ 'Muslim Women's Body, Identity and Agency: Liberationist (Re) constructions of Gender in the contemporary transnational fiction' എന്ന ലേഖനം. രാഷ്ട്രീയം, സിനിമ, കായികരംഗം തുടങ്ങിയ മേഖലകളിലെല്ലാം ഡിസെബിൾഡ് വ്യക്തിപ്രതിനിധാനം എപ്രകാരമാണ് സാധ്യമാക്കുന്നതെന്നതു സംബന്ധിച്ച ആലോചനയാണ് ഡോ. സ്റ്റെൻസ അഗസ്റ്റിൻ, ഡോ .അഭയ് ദേവ് സി.എസ്. എന്നിവരുടെ' Visibility of Disability: Ableism in Indian film, politics and sports' എന്ന ലേഖനം. എസ്. കെ.അർച്ചനയുടെ 'The Fragmented vision of Disabled Males:  Reoccurrence of disabled masculinity in Faulkner's The Sound and the Fury and Light in August' എന്ന ലേഖനം വില്യം ഫോക്നറുടെ സൗണ്ട് ആൻഡ് ഫ്യൂറി, ലൈറ്റ് ഇൻ ആഗസ്റ്റ് എന്നീ നോവലുകളിലെ വൈകല്യമുള്ള പുരുഷ വ്യക്തിത്വങ്ങളുടെ ചിത്രീകരണത്തെ പ്രശ്നവൽക്കരിക്കുകയും ഡിസെബിൾഡ് വ്യക്തിത്വങ്ങളുടെ ആവർത്തനങ്ങൾ ഈ രണ്ട് നോവലുകളിലും കടന്നുവരുന്നു എന്ന് സമർഥിക്കുകയും ചെയ്യുന്നു.

ഡോ. വി. ശാരദാദേവിയുടെ 'Surrogacy and the preference for a 'normal' child: an analysis of parenthood representation in the Hindi film Mimi' എന്ന ലേഖനത്തിൽ മിമി എന്ന ബോളിവുഡ് ചിത്രത്തിലെ വാടക ഗർഭധാരണവും ഡിസെബിൾഡായ കുട്ടി ജനിക്കുന്നതിനെ തുടർന്നുണ്ടാകുന്ന സംഘർഷങ്ങളുമാണ് വിശകലന വിധേയമാക്കുന്നത്.

ഡോ.സുജ മാത്യുവിന്റെ 'Voicing the Unspoken:  congenital diseases, female sexuality and contemporary Indian cinema' എന്ന  ലേഖനം മാർഗരിറ്റ വിത്ത് എ  സ്ട്രോ, പേരൻപ്  എന്നീ സിനിമകളെ മുൻനിർത്തി സമകാലിക

ഇന്ത്യൻ സിനിമയിലെ ഡിസെബിലിറ്റി പ്രതിനിധാനം എപ്രകാരമാണെന്ന് പരിശോധിക്കുന്നു. അഞ്ജന ഹേമചന്ദ്രൻ, ഡോ. റഫ്സീന എം.എന്നിവരുടെ ലേഖനം എഡ്‌വേർഡ് ബോണ്ടിന്റെ ലിയർ എന്ന നാടകത്തിൽ ഡിസെബിലിറ്റി എന്ന അവസ്ഥ എപ്രകാരം ചിത്രീകരിക്കുന്നുവെന്ന് പരിശോധിക്കുന്നു. ഡോ.മഞ്ജുഷ മധുസൂദനന്റെ Disabling the abled: Queries posed by Android kunjappan's infiltration of the human world' എന്ന ലേഖനം എല്ലാത്തരം മനുഷ്യരെയും ഉൾക്കൊള്ളുന്ന സാമൂഹിക ക്രമത്തിലൂടെ മാത്രമേ പ്രവർത്തനക്ഷമമായ ഒരു സമൂഹത്തിന്റെ നിലനില്പ് സാധ്യമാകൂ എന്ന് വാദിക്കുന്നു. ഫിനോഷ് ജി. തങ്കത്തിന്റെ 'Tissue engineering in Disability Management: Fundamentals and Future' എന്ന ലേഖനം ഡിസെബിലിറ്റി പരിഹരിക്കുന്നതിനുതകുന്ന തരത്തിൽ ടിഷ്യൂ എൻജിനീയറിങ്ങിന്റെ സാധ്യതകൾ എപ്രകാരം പ്രയോജനപ്പെടുത്താമെന്ന് ചർച്ച ചെയ്യുന്നു.

ഈ സമാഹാരത്തിന്റെ പലഭാഗത്തും ഡിസെബിലിറ്റിയെന്നും ഭിന്നശേഷിയെന്നും അംഗപരിമിതിയെന്നും വികലാംഗത്വം എന്നുമെല്ലാം പലതരത്തിലുള്ള പ്രയോഗങ്ങൾ ഉണ്ട്. കൃത്യമായ വ്യവസ്ഥയോടെ ഡിസെബിലിറ്റി എന്നു തന്നെ മാറ്റി എഴുതാത്തതിനു കാരണം പല ലേഖകരും ഭിന്നശേഷി എന്ന നടപ്പു പ്രയോഗം തന്നെ സ്വീകരിച്ചതിനാലാണ്. കൂടാതെ ഡിസെബിലിറ്റിയുടെ രാഷ്ട്രീയം മലയാളത്തിന്റെ ഈ സവിശേഷ സന്ദർഭത്തിൽ ചിതറിയും മാറിയും രൂപപ്പെട്ടുവരുന്നതിനെ ചരിത്രപരമായി മനസ്സിലാക്കാനും ഈ അവ്യവസ്ഥ സഹായിക്കുമെന്നു കരുതട്ടെ !

ഡിസെബിലിറ്റി എന്നത് കേവലം ജൈവികമായ ഒരു പ്രതിഭാസമല്ലെന്നും സാമൂഹിക ക്രമങ്ങളുടെയും സാംസ്കാരിക മനോഭാവങ്ങളുടെയും ഫലമായി രൂപപ്പെട്ട് വരുന്നതാണെന്നുമുള്ള തിരിച്ചറിവ് നൽകുന്ന പഠനങ്ങളാണ് ഈ ലക്കത്തിന്റെ സവിശേഷത. എല്ലാ വൈരുദ്ധ്യങ്ങളെയും ശ്രേണീകരണങ്ങളെയും മറികടന്നുകൊണ്ട് ഡിസെബിലിറ്റിയുള്ളവരെ ചേർത്തു പിടിക്കാനുള്ള ജാഗ്രതയും സാമൂഹികചിന്തയും വികസിച്ചു വരേണ്ടിയിരിക്കുന്നു. അതിനുള്ള എളിയ ഉദ്യമമാണ് മലയാളപ്പച്ചയുടെ ഈ ലക്കം. ഈ ലക്കം പിയർ റിവ്യൂ നടത്തിയ ഡോ. ഹബീബ് സി., ഡോ. ടിസ്സി മരിയം തോമസ്, ഡോ.കെ.എസ്. ഹക്കിം, ഡോ. രാജി. ബി. നായർ, ഡോ. ഗാസ്പർ കെ.ജെ. എന്നിവരോടും ലേഖനങ്ങൾ നൽകിയവരോടുമുള്ള നന്ദി അറിയിക്കുന്നു. വായനയ്ക്കും വിമർശനത്തിനുമായി മലയാളപ്പച്ചയുടെ ഈ ലക്കം സമർപ്പിക്കുന്നു.

ഡോ. ധന്യ പി.ഡി.<br>

*ഇഷ്യൂ എഡിറ്റർ*